(ഡി) കോസ്റ്റൽ അപ്പ്ലിഫ്റ്റ് അസോസിയേഷൻ 24-3-2000-ൽ മൂന്ന് പേരുകൾ നിർദ്ദേശിച്ചിരുന്നു. അവർ സർവ്വശ്രീ. പ്രൊഫ. എം. സ്റ്റീഫൻ, ഡോ.ട്രീസ, ഡോ. സലാഹുദീൻ കുഞ്ഞ് എന്നിവരാണ്.

(ഇ) ഉണ്ട്.

21 (*141) ജനകീയ മത്സ്യക്കൃഷി

ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര ഹെക്ടർ സ്ഥലത്താണ് ജനകീയമത്സ്യക്കൃഷി നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ

(ബി) ഇതിനായി ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ച്വരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ജനകീയ മത്സ്യക്കൃഷി സംസ്ഥാനത്ത് വ്യാപകമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു;

(ഡി) കൊഞ്ച് മുതലായ വിലയേറിയ മത്സ്യങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുവാൻ സ്വകാര്യ ഹാച്ചറികളെ സഹകരിപ്പിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) ഹാച്ചറികൾ തുടങ്ങുവാൻ സാങ്കേതിക സഹായം നൽകാനും സാമ്പത്തിക സഹായം നൽകാനുമുള്ള പദ്ധതി ആവിഷ്കരിക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) 12000 ഹെക്ടർ.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ജനകീയ മത്സ്യക്കൃഷിയിൽ ഇപ്പോൾ തന്നെ സംസ്ഥാനത്തെ 817 പഞ്ചായത്തുകളും 43 മുനിസിപ്പാലിറ്റികളും 2 കോർപ്പറേഷനുകളും ഉൾപ്പെടെ 862 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പങ്കെടുക്കുന്നുണ്ട്. മത്സ്യക്കൃഷിയ്ക്ക് സാധ്യതയുള്ള കൂടുതൽ പ്രദേശങ്ങൾ ജനകീയ മത്സ്യക്കൃഷിയുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള ഊർജ്ജിത സർവ്വേ പരിപാടികൾ നടത്തിവരുന്നുണ്ട്. കൂടാതെ എല്ലാ പഞ്ചായത്തുകൾക്കും പ്രാദേശിക പ്രാധാന്യമുള്ള മത്സ്യമേഖല പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ സഹായകമാകുന്ന തരത്തിൽ പഞ്ചായത്ത് ഫിഷറീസ് പ്ലാനുകൾ തയ്യാറാക്കുവാനുള്ള പരിപാടികളും ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ ഭാഗമായി ആരംഭിച്ചുകഴിഞ്ഞു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ കൊഞ്ചുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജനകീയ മത്സ്യക്കൃഷിയിൽ മറ്റ് മത്സ്യങ്ങളോടൊപ്പം കൊഞ്ചുകൂടി കൃഷി ചെയ്യുന്നതിനുള്ള പ്രത്യേക പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന് ആവശ്യമായ "കൊഞ്ച്‌വിത്ത്" സ്വകാര്യ ഹാച്ചറിയിൽ നിന്നുകൂടിയാണ് ശേഖരിച്ചുവരുന്നത്.

(ഇ) മത്സ്യ കർഷക വികസന ഏജൻസി ഓരുജലമത്സ്യ കർഷക വികസന ഏജൻസി എന്നിവയുടെ നേതൃത്വത്തിൽ സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നൽകുവാനുള്ള പദ്ധതികൾ നിലവിലുണ്ട്.

22 (*142) റവന്യൂ കാർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന റവന്യൂ കാർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) റവന്യൂകാർഡ് നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാർഡ് നൽകുന്നതിന് ജനങ്ങളിൽനിന്ന് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> :

(എ) കാലാകാലങ്ങളിൽ സർക്കാർ വകുപ്പുകൾ അനുവദിക്കുന്ന വിവിധ സൗജന്യങ്ങളും ആനുകൂല്യങ്ങളും ധനസഹായങ്ങളും ഉറപ്പുവരുത്തുന്നതിനും, സർക്കാർ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ, സർക്കാരിന്റെ മറ്റു സ്ഥാപനങ്ങൾ എന്നിവ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി ഓരോ കുടുംബത്തിലും ഉള്ള അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്ന ഒരു ആധികാരിക രേഖ എന്ന നിലയിലുമാണ് റവന്യൂ കാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

(ബി) ഇല്ല.

(സി) ഉണ്ട്. കാർഡൊന്നിന് പതിനഞ്ച് രൂപാ നിരക്കിൽ ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെയും ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

23 (*143) കാലവർഷക്കെടുതികൾ നേരിടുന്നതിന് നടപടി

<u>ശ്രീ. ജോസ് ബേബി</u> :
<u>ശ്രീ. എൻ. അനിരുദ്ധൻ</u> :
<u>ശ്രീ. കെ. പ്രകാശ് ബാബു</u> :
<u>ശ്രീമതി ആർ. ലതാദേവി</u> :
<u>ശ്രീ. യു.എസ്. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതികൾ നേരിടുന്നതിന് സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly